പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1222 | 03.12.2018-ൽ മറുപടിക്ക്

## കുണ്ടന്നൂർ ഫ്ളൈഓവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.സ്വരാജ് | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കുണ്ടന്നൂർ ഫ്ളൈഓവറിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ ; | (എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി എൻ.എച്ച്.-66-ലുള്ള കുണ്ടന്നൂർ ജംഗ്ഷനിൽ ഫ്ളൈഓവർ നിർമ്മിക്കുന്നതിനായി 88.77 കോടിയുടെ രൂപയുടെ ഭരണാനുമതി 22/07/2017-ലെ സ.ഉ(സാധാ)നം.1059/2017/പൊ.മ.വ പ്രകാരം നൽകിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച M/s മേരിമാതാ കൺസ്ട്രക്ഷൻ കമ്പനി 74.45 കോടി രൂപയ്ക്ക് പദ്ധതിയുടെ നിർമ്മാണത്തിന് കരാർ ഏറ്റെടുത്തിട്ടുണ്ട്. 2018 മാർച്ച് മാസത്തിൽ ആരംഭിച്ച നിർമ്മാണ പ്രവൃത്തി 24 മാസം കൊണ്ട് പൂർത്തീകരിക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. 6 വരി പാതയോടുകൂടി 750 മീറ്റർ നീളത്തിലും 24.1 മീറ്റർ വീതിയിലുമാണ് ഫ്ളൈഓവർ വിഭാവനം ചെയ്തിട്ടുള്ളത്. മേൽപ്പാലത്തിന് ഇരുവശത്തും സർവ്വീസ് റോഡുകൾ നൽകിയിട്ടുണ്ട്. ആർ.ബി.ഡി.സി.കെ എസ്.പി.വി. (SPV) ആയി നടപ്പിലാക്കുന്ന പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കുന്നത് പി.ഡബ്ല്യു.ഡി നാഷണൽ ഹൈവേ വിഭാഗമാണ്. വൈറ്റില ഭാഗത്തുള്ള സർവ്വീസ് റോഡിലൂടെ വാഹനങ്ങൾ കടത്തിവിട്ടുകൊണ്ട് പൈലുകളുടെ നിർമ്മാണം നടത്തി വരുന്നു. 30 മീറ്റർ നീളത്തിൽ 15 സ്പാനുകളുള്ള ഫ്ളൈഓവറിന്റെ ആകെയുള്ള 196 പൈലുകളിൽ 105 പൈലുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 30 പൈൽ ക്യാപ്പുകളിൽ 12 എണ്ണത്തിന്റെ നിർമ്മാണവും, 32 പിയറുകളിൽ 13 എണ്ണത്തിന്റെ |

| | | |
|---|---|---|
| | | നിർമ്മാണവും, 16 പിയർ ക്യാപ്പുകളിൽ ഒരെണ്ണത്തിന്റെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. അരൂർ ഭാഗത്ത് വലതുവശത്തുള്ള സ്ലിപ് റോഡിന്റെ നിർമ്മാണം ഏകദേശം 65 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. ആകെ പ്രവൃത്തിയുടെ 28 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | എന്നത്തേക്ക് ഈ നിർമ്മാണം പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ? | (ബി) മാർച്ച് 2020-ന് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

S. Bindu

സെക്ഷൻ ഓഫീസർ